# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1482.

14..12..2012-ൽ മറുപടിക്ക്

## ക്ഷീരകർഷകർക്ക് പെൻഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. തിലോത്തമൻ. | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) കറവത്തൊഴിലാളികളെയും ക്ഷീര കർഷകരെയും സഹായിക്കുവാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇവർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (എ) കറവ തൊഴിലാളികളെ സഹായിക്കുവാൻ പദ്ധതികൾ ഒന്നും തന്നെ നിലവിലില്ല. ക്ഷീരകർഷകരെ സഹായിക്കുവാൻ ക്ഷീര-വികസന വകുപ്പ് വഴി തീറ്റപ്പുൽ കൃഷി വികസന പദ്ധതി, മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, കാലിത്തീറ്റ സബ്സിഡി, മിൽക്കിംഗ് മിഷീൻ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ, ക്ഷീരകർഷക ക്ഷേമനിധി മുഖേനയും വിവിധ ക്ഷേമപ്രവർത്തനങ്ങൾ ക്ഷീരകർഷകർക്കായി നടപ്പിലാക്കി വരുന്നുണ്ട്.<br>ക്ഷീരകർഷകർക്ക് ഇൻഷ്വറൻസ് നിലവിൽ ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) ഈ തൊഴിലാളികൾക്ക് സാമ്പത്തിക സഹായമോ പെൻഷനോ നല്കുവാൻ നടപടി സ്വീകരിക്കുമോ; ഇപ്രകാരം ലഭിച്ചിട്ടുള്ള നിവേദനങ്ങളിൽ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് ക്ഷീരകർഷക ക്ഷേമനിധി മുഖാന്തിരം പെൻഷൻ, കുടുംബപെൻഷൻ, വിവാഹധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവ നല്കിവരുന്നുണ്ട്. കൂടാതെ, ക്ഷീരകർഷകർക്കായി സമഗ്ര സാമൂഹ്യ സുരക്ഷാ പദ്ധതിയായ 'ക്ഷീരസുരക്ഷ' പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.<br>പെൻഷൻ ആനുകൂല്യങ്ങൾ സംബന്ധിച്ച് ക്ഷീരകർഷകരിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങളിന്മേൽ അനുയോജ്യമായ തീരുമാനം എടുത്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ